# ‘പുതിയ മന്ന’

## വിലാപങ്ങൾ 3:22,23

“നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.”

ഇന്നു നാം ആയിരിക്കുന്നത് വളരെ തിരക്കുള്ള ഒരു കാലഘട്ടത്തിലാണ്. ആർക്കും ഒന്നിനും സമയമില്ല. എല്ലാവരും വളരെ **busy**. ഒന്നു പ്രാർത്ഥിക്കുവാനോ, കർത്താവിനോട് ആലോചന ചോദിക്കുവാനോ സമയം കണ്ടെത്തുന്നില്ല. ഈ തലമുറയിൽ ധാരാളം പേർ **depression, tension, stress** ഇവയിൽ കൂടിയൊക്കെ കടന്നുപോകുന്നു.

ഓരോ ദിവസവും ദൈവം മനോഹരമാക്കി നമുക്കു തന്നിരിക്കുന്നു. ഇന്നു നമുക്കു പുതിയ അനുഗ്രഹം ആവശ്യമാണ്, പുതിയ നന്മ ആവശ്യമാണ്. യിസ്രായേൽ മക്കൾക്ക് എല്ലാ ദിവസവും പുതിയ മന്നാ കൊടുത്തിരുന്നു. തലേദിവസത്തെ മന്നാ എടുത്താൽ അതു ചീത്തയായിപോകും. നമുക്ക് ദൈവത്തിൽനിന്ന് അന്നന്നത്തെ കൃപ ആണ് വേണ്ടത്. തലേ ദിവസത്തെ കൃപ പര്യാപ്തമല്ല. അതുകൊണ്ട് ഓരോ ദിവസവും ദൈവസന്നിധിയിൽ നിന്ന് പുതിയ കൃപ നാം പ്രാപിച്ചെടുക്കണം. എങ്കിൽ മാത്രമേ നാം നേരിടുന്ന സകല പോരാട്ടങ്ങളിൽ നിന്നും നമുക്കു ജയം നേടുവാൻ സാധിക്കുകയുള്ളു.

ഓരോ ദിവസവും നന്ദിയോടെ, സ്തോത്രത്തോടെ ആരംഭിക്കണം. ഇന്നലെകളിൽ കൂടെയിരുന്ന ദൈവം നമ്മുടെ നാളെകളിലേക്കു നടത്തുവാൻ മതിയായവൻ തന്നെ. ഓരോ ദിവസവും കർത്താവുമായുള്ള കൂട്ടായ്മയിൽ, അവനോടു ചേർന്നു നടന്നെങ്കിൽ മാത്രമേ നമുക്കു ജയകരമായ ഒരു ജീവിതം നയിക്കാൻ സാധിക്കുകയുള്ളു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യൻ തന്നെ. വാക്കു തന്നവൻ വാക്കു മാറുകയില്ല. ദൈവത്തിന്റെ വിശ്വസ്തത കുറഞ്ഞുപോകയില്ല. അവന്റെ വിശ്വസ്തത വലിയത് ആകുന്നു. അവന്റെ കരുണ ഒരിക്കലും തീർന്നുപോകയില്ല.

പരാമർശം :

യെശയ്യാവു 54:10

പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല.

സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 006